ഹാജരാക്കാത്തതുകൊണ്ട് അവർക്കും ഫെബ്രുവരി മാസത്തെ ശമ്പളം എഴുതാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ സ്ഥിതിക്ക് ലീവ് സർട്ടിഫിക്കറ്റ് കൊടുക്കുന്ന മുറയ്ക്ക് ശമ്പളം നൽകും. ആരുടേയും ശമ്പളം തടഞ്ഞുവച്ചിട്ടില്ല. ഫ്രാൻസിസിന്റെ കുടുംബത്തിനുവേണ്ടി എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കും.

(3) കണ്ണൂർ ജില്ലയിൽ അശ്വിനികുമാറിന്റെ കൊലപാതകത്തോടനുബന്ധിച്ചുണ്ടായ അനിഷ്ട സംഭവങ്ങളിൽ പരിക്കേറ്റവർക്കും നാശനഷ്ടമുണ്ടായവർക്കും നഷ്ടപരിഹാരം

ശ്രീ. കെ. പി. മോഹനൻ : സർ, മാർച്ച് മാസം 10-ാം തീയതി കണ്ണൂർ ജില്ലയിലെ ഇരിട്ടിക്കടുത്ത് പുന്നാട് വച്ച് ഉണ്ടായ ക്രൂരമായ കൊലപാതകത്തെത്തുടർന്ന് നടന്ന അക്രമ സംഭവങ്ങളിൽ പരിക്കേറ്റവർക്കും നാശനഷ്ടമുണ്ടായവർക്കും നഷ്ടപരിഹാരം നൽകാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പത്ര സമ്മേളനത്തിൽ പറഞ്ഞെങ്കിലും എന്ന് കൊടുക്കുമെന്നുപറഞ്ഞില്ല. പെരിങ്ങളത്ത് നിരവധി അനിഷ്ട സംഭവങ്ങളുണ്ടായി. അതിനെത്തുടർന്ന് പാവപ്പെട്ട കുറേപ്പേർക്ക് പരിക്കുപറ്റിയിട്ടുണ്ട്. തൈപ്പറമ്പത്ത് ഖാദറിന് രണ്ടു കാലിനും വെട്ടേറ്റിട്ടുണ്ട്. മഹിമാ ബുക്ക്സ്റ്റാൾ കത്തി നശിച്ച് എട്ട് ലക്ഷം രൂപയോളം നഷ്ടപ്പെട്ടിട്ടുണ്ട്. ഖാദറിനെ സഹായിക്കാൻ ചെന്ന് ഖാദറിന്റെ ഭാര്യ സുഹ്റയും പരിക്കുപറ്റി കിടപ്പിലാണ്. ചെറുവാഞ്ചേരി ചീരാറ്റയിലെ സ്രാമ്പി തകർക്കാൻ ശ്രമിച്ചതിന്റെ ഫലമായി ഏകദേശം കാൽ ലക്ഷത്തോളം രൂപയുടെ നാശനഷ്ടങ്ങളുണ്ടായി. ഹാജിറയുടെ വീട് കയ്യേറി വീട്ടുപകരണങ്ങൾ നശിപ്പിച്ചു. മുഹമ്മദിന്റെ കാൽ വെട്ടി പരിക്കേൽപ്പിച്ചു. ഞാൻ മുഖ്യമന്ത്രിക്ക് നിവേദനം തന്നതാണ്. അത് പരിശോധിച്ച് അർഹതപ്പെട്ടവർക്ക് എത്രയും പെട്ടെന്ന് നഷ്ടപരിഹാരം കൊടുക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ ഈ പ്രശ്നം നേരിട്ട് എനിക്ക് എഴുതിത്തന്നിരുന്നു. ഞാൻ ബുധനാഴ്ച ഈ പ്രദേശങ്ങളിൽ പോയി ദുരിതങ്ങളൊക്കെ നേരിട്ട് കാണുകയും അവിടെവച്ച് തന്നെ വിവിധ രാഷ്ട്രീയ പാർട്ടികളുമായിട്ടും ജനപ്രതിനിധികളുമായിട്ടും ചർച്ച നടത്തുകയും ചെയ്തു. ഇതിന്റെയടിസ്ഥാനത്തിൽ ചില തീരുമാനങ്ങൾ തിങ്കളാഴ്ചത്തെ കാബിനെറ്റിൽത്തന്നെയെടുത്തു. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. പ്രതിപക്ഷവുമായിട്ടും ചർച്ച ചെയ്തു. ഇതു സംബന്ധിച്ച് ഏറ്റവും വേഗം തീരുമാനമെടുക്കും. ഇതുപോലുള്ള സംഭവങ്ങൾ നമ്മുടെ നാട്ടിൽ ഒരിക്കലും ആവർത്തിക്കാൻ പാടില്ലാത്തതാണ്. എല്ലാ ഭാഗത്തു നിന്നുമുള്ള സഹകരണത്തോടുകൂടി നമ്മുടെ നാട്ടിൽ വന്ന അപമാനകരമായ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ളത് ചെയ്യണം. അവിടെ ഉണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പക്ഷെ കുറേ സഹായങ്ങളൊക്കെ നൽകി അവർക്ക് ആശ്വാസം കൊടുക്കാൻ സാധിക്കും. പക്ഷേ നമ്മുടെ നാടിനേറ്റ അപമാനം, നമ്മുടെ സംസ്ക്കാരത്തിനേറ്റ പ്രഹരം അത് മായ്ച്ച് കളയാൻ ആരെക്കൊണ്ടും സാധ്യമല്ല. ഒന്നേ ഞാൻ പറയുന്നുള്ളൂ, ഇപ്പോഴുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുകയെന്നുള്ളതാണ്. സംഭവിച്ചിട്ടുള്ളതിന് പരിശോധനയുടെ അടിസ്ഥാനത്തിൽ അല്പം ചില ആശ്വാസം കൊടുക്കും. അതിന് വേഗം തീരുമാനമെടുക്കുകയും ചെയ്യും.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. എം. ഹസ്സൻ]

LIBRARY ARCHIVES Kerala Legislative Assembly